പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :666

29.11. 2018 ൽ മറുപടിക്ക്

## വൈദ്യുതി നിരക്കവർദ്ധന

ചോദ്യം

ശ്രീ.ടി.എ.അഹമ്മദ് കബീർ

പ്രൊ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. സി.മമ്മൂട്ടി

" പി.ഉബൈദുള്ള

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)2017-18-ൽ കേരളത്തിനു പുറത്തുനിന്നും വിലകൂടിയ താപ വൈദ്യുതി വാങ്ങിയതിന് അധികം ചെലവായ തുക ഉപഭോക്താക്കളിൽ നിന്നും ഇടാക്കുന്നതിന് കെ.എസ്.ഇ. ബി. തീരുമാനിച്ചിട്ടുണ്ടോ;<br>(ബി) എങ്കിൽ യൂണിറ്റിന് എന്തു നിരക്കിലാണ് തുക ഈടാക്കി വരുന്നത്; | (എ & ബി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, 2014 നവംബർ 14-ാം തീയതി പുറപ്പെടുവിച്ച ഉത്തരവു പ്രകാരമാണ് താപവൈദ്യുതിയുടെ അധികച്ചെലവ് ഇന്ധന സർചാർജ് ആയി ഈടാക്കുന്നത്. താരിഫ് റെഗുലേഷനിലെ 88-ാം ചട്ടം പ്രകാരം, റെഗുലേറ്ററി കമ്മീഷൻ 13.08.2018 – ലെയും, 21.08.2018 – ലെയും ഉത്തരവുപ്രകാരം 2017-18 സാമ്പത്തിക വർഷത്തിലേക്ക് 180.55 കോടി രൂപ അധിക ബാധ്യതയായി അനുവദിക്കുകയും, പ്രസ്തുത തുകയിൽ 81.65 കോടി രൂപ, ഇന്ധന സർചാർജ് ആയി യൂണിറ്റിന് 15 പൈസാ നിരക്കിൽ ഈടാക്കാൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ പ്രതിമാസം 20 യൂണിറ്റു വരെ ഉപയോഗിക്കുന്ന 500 വാട്ട്സ് ലോഡുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഇതു ബാധകമല്ല. 16.08.2018 മുതൽ കമ്മീഷൻ അംഗീകരിച്ച ഇന്ധന സർചാർജ് ഈടാക്കി വരുന്നുണ്ട്. |
| (സി)പ്രസ്തുത നിരക്കവർദ്ധനവിൽ നിന്നും ഗാർഹിക ഉപഭോക്താക്കളെ പൂർണ്ണമായും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) വൈദ്യുതി നിയമം– 2003 പ്രകാരം, താരിഫ് നിർണ്ണയിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കുകൾ കുറയ്ക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ സംസ്ഥാന ഗവൺമെന്റുകൾക്കും വിതരണ ലൈസൻസികൾക്കും അധികാരമില്ല. |

സെക്ഷൻ ഓഫീസർ